DISPATCHED
12/06/2020

17/03/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP. 890*(7)/2014*/***എസ്.ഐ.സി.*
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. *5092/എസ്.ഐ.സി-ജി* **6/14**

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. എ.മധുസൂദനൻ
ഭദ്രാലയം, വക്കം റഷീദ് റോഡ്
ആറ്റിങ്ങൽ, തിരുവനന്തപുരം
പിൻ 695101** — **പരാതി ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സീനിയർ സൂപ്രണ്ട്
ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
ആറാം നില,ട്രാൻസ് ടവേഴ്സ്,
വഴുതയ്ക്കാട്
തിരുവനന്തപുരം-14**

2. **അപ്പീൽ അധികാരി ആന്റ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
ആറാം നില,ട്രാൻസ് ടവേഴ്സ്,
വഴുതയ്ക്കാട്
തിരുവനന്തപുരം-14**

— **എതിർകക്ഷികൾ**

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ വിവരം ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ



res

സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്

2. ടി പരാതി ഹർജിയിൽ എസ്.പി.ഐ.ഒ. കമ്മീഷനിൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങളെല്ലാം നൽകിയിട്ടുണ്ടെന്നാണ്. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 28.1.2020 ന് കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരത്ത് വച്ചു നടത്തിയ ഹിയറിംഗിൽ ഹാജരാകുവാൻ ഇരു കക്ഷികൾക്കും നോട്ടീസ് നൽകുകയും ഇരുവരും ഹാജരാകുകയും അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു

3. അപ്പീൽഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും നേരിൽ കേട്ടതിലും, നേരിട്ടുള്ള നിയമനം നടത്തുന്നത് പി.എസ്.സി ആകയാൽ സംവരണതത്വം അനുസരിച്ച് നിയമനത്തിനായി ശുപാർശ ചെയ്യുന്നതും പി.എസ്.സി ആണെന്നും എ.എം.വി.ഐ മാരുടെ ജാതി തിരിച്ചുള്ള കണക്ക് ക്രോഡീകരിച്ചിട്ടില്ലെന്നുമുള്ള എസ്.പി.ഐ.ഒ യുടെ മറുപടി കമ്മീഷൻ അംഗീകരിക്കുന്നുവെങ്കിലും, സ്പെഷ്യൽ റിക്രൂട്ടമെന്റ് പ്രകാരം മൊത്തം എത്ര പേർ നിലവിൽ ഉണ്ടെന്നുള്ള എണ്ണം ഹർജിക്കാരന് നൽകാനും, നിലവിൽ ഇത് സംബന്ധിച്ച് ഗവൺമെന്റിൽ ഒരു റിപ്പോർട്ട് നൽകിയെന്നു പറയുന്നതിന്റെ പകർപ്പ് നൽകാനും നിർദ്ദേശിച്ച് ടി പരാതി ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഈ പരാതി ഹർജി ഇന്നേദിവസം 2020 മാർച്ച് 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

**(ഒപ്പ്)**
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**



res